## പതിനഞ്ചാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1272 19.06.2024 -ൽ മറുപടിക്ക്**

# റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിനുള്ള പരിഹാര നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : | പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പ് മന്ത്രി) |
| (എ) കൈപ്പമംഗലം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളിൽ മെച്ചപ്പെട്ടതും തൃപ്തികരമായതും മോശം അവസ്ഥയിൽ ഉള്ളതും എന്നിങ്ങനെ തരംതിരിച്ചുള്ള വിവരങ്ങൾ നൽകുമോ; | (എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ നിരത്തു വിഭാഗത്തിന് കീഴിൽ വരുന്ന റോഡുകളിൽ മെച്ചപ്പെട്ടത്, തൃപ്തികരമായത്, മോശം എന്നിവ തരംതിരിച്ചിട്ടുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) മോശം അവസ്ഥയിലുള്ള പി.ഡബ്ല്യൂ.ഡി റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പരിഹാര നടപടികൾ ആണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കാമോ; | (ബി) നിലവിൽ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ 89% റോഡുകൾ BM & BC നിലവാരത്തിൽ ഉള്ളതാണ്. Chipping carpet നിലവാരത്തിലുള്ള ആല - ഗോതുരുത്ത് റോഡ് BM & BC നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. ~~കൂടാതെ~~ റോഡുകൾ ~~മോശമായ അവസ്ഥയിൽ~~ റണ്ണിംഗ് കോൺട്രാക്ട് വഴി പാച്ച് വർക്ക് ചെയ്തു റോഡിനെ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനായുള്ള പ്രവർത്തികൾ ചെയ്തു വരുന്നുണ്ട്. ~~BM & BC ചെയ്തു 10 വർഷത്തിലേറെ ആയിട്ടുള്ളതും മോശം അവസ്ഥയിലേക്ക് വന്നതുമായ റോഡുകൾ പുതിയ overlay പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതാണ്.~~ |
| (സി) കൈപ്പമംഗലം മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി റോഡുകളുടെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ റോഡ് അരികിലുള്ള കാനകളുടെ അപര്യാപ്തത | (സി) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ റോഡുകളുടെ അവസ്ഥ Running contract വർക്കുകളുടെ പരിശോധനാ വേളയിൽ നിരവധി തവണ വിലയിരുത്തിയിട്ടുള്ളതാണ്. |

കാരണം മഴക്കാലത്ത് ഒട്ടുമിക്ക റോഡുകളിലും വെള്ളക്കെട്ട് അനുഭവപ്പെടുന്നത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ കാന ചെയ്യുന്നതിനായി സ്ഥലം ലഭ്യമായ ഇടങ്ങളിലും വെള്ളത്തിന്റെ ഒഴുക്ക നിലനിർത്താവുന്ന outlet ഉള്ള ഇടങ്ങളിലും കാന നിർമ്മിച്ചിട്ടുള്ളതാണ്. എന്നാൽ ചിലയിടങ്ങളിൽ കാലങ്ങളായി ഉണ്ടായിരുന്ന വ്യക്തികളുടെ പുരയിടങ്ങളിലൂടെയുള്ള കാനകൾ സ്വകാര്യ വ്യക്തികൾ മൂടുകയും പലതരം നിർമ്മിതികൾ നിർമ്മിക്കുകയും ചെയ്തതിന്റെ ഫലമായി കാനയിലൂടെയുള്ള വെള്ളത്തിന്റെ ഒഴുക്ക് നിലനിർത്താൻ സാധിക്കാത്തതാണ് പലയിടങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടുന്നതിനു കാരണം. ഉദാഹരണമായി Kothaparambu - Kara റോഡിലെ Kara സെന്ററിൽ കാലങ്ങളായി വെള്ളം ഒഴുകി പോയിരുന്ന തോട് മൂടി പോവുകയും കടമുറികളും പലതരം നിർമ്മിതികൾ നിർമ്മിക്കുകയും ചെയ്തതിന്റെ ഭാഗമായാണ് കാര സെന്ററിൽ വെള്ളക്കെട്ട് രൂപപ്പെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജന പങ്കാളിത്തത്തോടെയും മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പ്രീമൺസൂൺ പ്രവർത്തികളിൽ ഉൾപ്പെടുത്തി കാനകൾ വൃത്തിയാക്കിയിട്ടുള്ളതും വെള്ളക്കെട്ട് ഒരു പരിധി വരെ പരിഹരിക്കാൻ സാധിച്ചിട്ടുള്ളതും ആണ്.

വെള്ളക്കെട്ട് പരിഹരിക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ കാന നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. Drain outlet ഇല്ലാത്തതോ തടസ്സപ്പെടുത്തിയതോ ആയ സ്ഥലങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിഹരിക്കാം എന്ന് പ്രതീക്ഷിക്കുന്നു.

P.A. MOHAMED RIYAS
MINISTER FOR PUBLIC WORKS AND TOURISM
GOVT. OF KERALA

# അനുബന്ധം

| | റോഡിന്റെ പേര് | റോഡിന്റെ നിലവിലെ അവസ്ഥ |
|---|---|---|
| 1 | പനങ്ങാട് HS ഉല്ലാസവളവ് റോഡ്, കി. മി 0/000 to 1/278 | മെച്ചപ്പെട്ടത് |
| 2 | കൈപ്പമംഗലം വഴിയമ്പലം അയിരൂർ കമ്പനി കടവ് റോഡ് കി. മി 0/000 to 4/500 | കി. മി 0/000 മുതൽ 3/000 വരെ മെച്ചപ്പെട്ടത് , കി. മി 3/000 മുതൽ 4 /500 വരെ തൃപ്തികരമായത് |
| 3 | വി കെ ഗോപാലൻ റോഡ് കി. മി 0/000 to 3/277 | മെച്ചപ്പെട്ടത് |
| 4 | മതിലകം കുളിമുട്ടം റോഡ് കി. മി 0/000 to 4/090 | മെച്ചപ്പെട്ടത് |
| 5 | കോതപറമ്പ് കാര റോഡ് കി. മി 0/000 to 4/200 | മെച്ചപ്പെട്ടത് |
| 6 | വെള്ളാങ്ങല്ലൂർ മതിലകം റോഡ് കി. മി 6/000 to 6/500 | മെച്ചപ്പെട്ടത് |
| 7 | ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡ് കി. മി 0/000 to 3/950 | തൃപ്തികരമായത് |
| 8 | അരാകുളം അഴിക്കോട് റോഡ് കി. മി 2/800 to 4/495 | മെച്ചപ്പെട്ടത് |
| 9 | കൊടുങ്ങല്ലൂർ എറിയാട്ട് റോഡ് കി. മി 1/200 to 4/426 | മെച്ചപ്പെട്ടത് |
| 10 | പുത്തൻപള്ളി മുനക്കൽ ബിച്ച് റോഡ് കി. മി 0/000 to 2/300 | മെച്ചപ്പെട്ടത് |
| 11 | എറിയാട് ഫിഷിങ് സെന്റർ റോഡ് കി. മി 0/000 to 0/830 | തൃപ്തികരമായത് |
| 12 | എസ്. എൻ പുരം - പി.വെമ്പല്ലൂർ റോഡ് കി. മി 0/000 to 4/150 | മെച്ചപ്പെട്ടത് |
| 13 | അഴിക്കോട് ചാമക്കാല റോഡ് കി. മി 0/000 to 20/026 | മെച്ചപ്പെട്ടത് |
| 14 | എസ്. എൻ പുരം പുവത്തുംകടവ് റോഡ് കി. മി 0/000 to 0/500 | മെച്ചപ്പെട്ടത് |
| 15 | പാടാകുളം അഴിക്കോട് റോഡ് കി. മി 2/500 to 4/260 | മെച്ചപ്പെട്ടത് |
| 16 | ആല ഗോതുരുത്ത് റോഡ് കി. മി 0/000 to 1/600 | തൃപ്തികരമായത് |
| 17 | എടമുട്ടം എടത്തിരുത്തി റോഡ് ചെയിനേജ് 0/000 - 3/676 & | മെച്ചപ്പെട്ടത് |
| 18 | വെസ്റ്റ് ടിപ്പു സുൽത്താൻ റോഡ് 0/000 - 0/680. | മെച്ചപ്പെട്ടത് |
| 19 | കയ്പമംഗലം പുളിഞ്ചോട് റോഡ് ചെയിനേജ് 0/000 - 6/824 | തൃപ്തികരമായത് |
| 20 | ഈസ്റ്റ് ടിപ്പു സുൽത്താൻ റോഡ് ചെയിനേജ് 0/000 - 1/650. | തൃപ്തികരമായത് |